**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 111** **07-10-2024 - ൽ മറുപടിയ്ക്ക്**

**എ.ഡി.ജി.പി. ക്കെതിരെ അന്വേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി, ആർ.എസ്.എസ്. പ്രതിനിധികളുമായി കൂടിക്കാഴ്ച നടത്തിയത് ഔദ്യോഗിക ആവശ്യങ്ങൾക്ക് വേണ്ടിയാണോയെന്നും ഏതെങ്കിലും ഔദ്യോഗിക നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലാണോ എന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | **ഒരു നിർദ്ദശവും സർക്കാർ നൽകിയിട്ടില്ല.** |
| (ബി) | ഈ കൂടിക്കാഴ്ചയ്ക്ക് ഡി.ജി.പി. യുടെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കൂടിക്കാഴ്ച നടത്തിയ സംഭവത്തിൽ വകുപ്പുതല നടപടികൾ സ്വീകരിക്കുകയോ വകുപ്പുതല അന്വേഷണങ്ങൾ നടത്തുകയോ ചെയ്തിട്ടുണ്ടോ; | (ബി) | **സംസ്ഥാനത്തെ ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി, ആർ എസ് എസ് നേതാക്കളുമായി കൂടിക്കാഴ്ച നടത്തിയെന്ന വാർത്തയെ തുടർന്ന് പ്രസ്തുത വിഷയം അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന പോലീസ് മേധാവിയെ ചുമതലപെടുത്തിയിരുന്നു. അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.** |
| (സി) | ഈ കൂടിക്കാഴ്ച നടത്തിയതിൽ ഏതെങ്കിലും സർവീസ് ചട്ടങ്ങളുടെ ലംഘനം ഉണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഡി) | ഇത് സംബന്ധിച്ച് എ.ഡി.ജി.പി. യോട് വിശദീകരണം ആവശ്യപ്പെടുകയുണ്ടായോ; കൂടിക്കാഴ്ചയുടെ വിശദാംശങ്ങൾ സംബന്ധിച്ച് എ.ഡി.ജി.പി. സർക്കാരിന് വിശദീകരണം നൽകിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഡി) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) | കൂടിക്കാഴ്ച നടത്തിയത് സംബന്ധിച്ച് ഏതൊക്കെ ചട്ടങ്ങൾ പ്രകാരമാണ് അന്വേഷണം പ്രഖ്യാപിച്ചിട്ടുള്ളതെന്നും ഏതൊക്കെ വിഷയങ്ങളാണ് അന്വേഷണ പരിധിയിൽ വരുന്നതെന്നുമുള്ള വിശദാംശങ്ങൾ അറിയിക്കുമോ? | (ഇ) | (ബി) പിരിവിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ